# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 192 09.03.2015-ൽ മറുപടിയ്ക്ക്**

**<u>കോഴിക്കോട് ജില്ലയിലെ തൂണേരിയിൽ നടന്ന ആക്രമണം</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| എ) കോഴിക്കോട് ജില്ലയിലെ നാദാപുരത്തിനടുത്ത് തൂണേരിയിൽ ഷിബിൻ എന്ന യുവാവിന്റെ കൊലപാതകത്തിന് ശേഷം നടന്ന അക്രമത്തിലും കൊള്ളയിലും പങ്കെടുത്തവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ; | (എ) കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. കേസിൽ ഉൾപ്പെട്ട പ്രതികളെ തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്യും മറ്റു നിയമ നടപടികൾ സ്വീകരിച്ചും വരുന്നു. നാദാപുരം പോലീസ് സ്റ്റേഷനിൽ 59 പേരെയും എടച്ചേരി പോലീസ് സ്റ്റേഷനിൽ 15 പേരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| ബി) അക്രമത്തെ തുടർന്നുണ്ടായ കൊള്ളയിൽ നഷ്ടപ്പെട്ട ആഭരണം, പണം, മറ്റ് സാധനങ്ങൾ എന്നിവ വീണ്ടെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; | (ബി) അറസ്റ്റു ചെയ്ത പ്രതികളെ ചോദ്യം ചെയ്യും അവരുടെ വീടുകളിലും മറ്റും റെയ്ഡുകളും പരിശോധനകളും നടത്തിയും മുതലുകൾ വീണ്ടെടുക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ജില്ലയിലെ ബാങ്കുകൾ, മറ്റു ധനകാര്യ സ്ഥാപനങ്ങൾ, ജ്വല്ലറികൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് ആഭരണങ്ങൾ പണയം വച്ചിട്ടുണ്ടോ, വില്പന നടത്തിയിട്ടുണ്ടോ എന്നറിയാനായി നോട്ടീസുകൾ നൽകിയിട്ടുണ്ട്. |
| സി) അക്രമം തടയുന്നതിൽ പോലീസിനുണ്ടായ വീഴ്ച പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ ; | (സി) അക്രമം തടയുന്നതിൽ പോലീസിനു വീഴ്ച വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) സാമുദായിക സൗഹാർദ്ദം തകർക്കുന്ന എല്ലാ നടപടികളെയും ശക്തമായി പ്രതിരോധിക്കുന്നതിന് ഇവിടങ്ങളിൽ ഇന്റലിജൻസ് സംവിധാനം ശക്തമാക്കുമോ? | (ഡി) ഇന്റലിജൻസ് സംവിധാനം ശക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ